# കേരളസർവകലാശാല

നം.പി.ആർ.244/2020

# പത്രക്കുറിപ്പ്

## കേരളസർവ്വകലാശാലയിൽപുതിയ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് അപേക്ഷിക്കാം

കേരളസർവ്വകലാശാലയുടെ പഠനവകുപ്പുകളിൽ 2020-2021 വർഷം പുതുതായി ആരംഭിക്കുന്ന എം.എ പൊളിറ്റിക്സ്, ഇന്റർനാഷണൽ റിലേഷൻസ് & ഡിപ്ളമസി, എം.എസ്.സി ഫിസിക്സ്(സ്പെഷ്യലൈസേഷൻ ഇൻ സ്പെയ്സ് ഫിസിക്സ്), എം.എസ്സി കെമിസ്ട്രി(സ്പെഷ്യലൈസേഷൻഇൻ റിന്യൂയബിൾ എനർജി) എന്നീ കോഴ്സുകൾക്ക് 2020 ഡിസംബർ 9 മുതൽ ഓൺലൈനായി അപേക്ഷിക്കാം. പ്രവേശന പരീക്ഷയുടെ മാർക്ക് അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2020 ഡിസംബർ 16. വിശദവിവരങ്ങൾ **admissions.keralauniversity.ac.in**എന്നവെബ്സൈറ്റിൽ ലഭ്യമാണ്.

## പി.എച്ച്.ഡി എൻട്രൻസ് പരീക്ഷ

കേരളസർവകലാശാലയുടെ ഈ വർഷത്തെ പി.എച്ച്.ഡി എൻട്രൻസ് പരീക്ഷക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വർക്കുള്ള പ്രവേശന പരീക്ഷ 2020 ഡിസംബർ 20 ന് ഞായറാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ കാര്യവട്ടം, യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിലും മറ്റു ഹാളുകളിലുമായി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പരീക്ഷ പൂർണ്ണമായും കോവിഡ്-19 മാനദണ്ഡം പാലിച്ച് നടത്തുന്നതായിരിക്കും. പരീക്ഷ ആരംഭിക്കുന്നതിനു 30 മിനിറ്റ് മുൻപ് തന്നെ എല്ലാവരും നിശ്ചിത ഹാളിൽ ഹാജരാകേണ്ടതാണ്. പ്രവേശന പരീക്ഷക്കുള്ള ഹാൾടിക്കറ്റ് 2020 ഡിസംബർ 15-ാം തീയതി മുതൽ അവരവരുടെ പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. കുടുതൽ വിവരങ്ങൾക്ക് 0471-2386484 എന്ന നമ്പറിലും academic.b1@gmail.comഎന്ന **e-mail** വഴിയും ബന്ധപ്പെടുവുന്നതാണ്.

എക്സാം സെന്ററിനടുത്തുള്ള റെയിൽവേ സ്റ്റേഷൻ - കഴക്കൂട്ടം

എക്സാം സെന്ററിനടുത്തുള്ള ബസ് സ്റ്റോപ്പ് - കാര്യവട്ടം

## എം.ടെക് ഒപ്ടോഇലക്ട്രോണിക്സ് സ്പോട്ട് അഡ്മിഷൻ

കേരളസർവ്വകലാശാലയുടെഎം.ടെക് പ്രോഗ്രാമിന്റെ രണ്ട്ഒഴിവിലേക്ക് (പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗം) ഒപ്ടോഇലക്ട്രോണിക്സ് പഠന വകുപ്പിൽ വെച്ച് ഡിസംബർ 08-ൽ (നാളെ)നടത്താനിരുന്ന സ്പോട്ട് അഡ്മിഷൻ പഞ്ചായത്ത് തിരഞ്ഞെടുപ്പ് മൂലം ഡിസംബർ 09-ലേക്ക് മാറ്റി. വിദ്യാർത്ഥികൾഡിസംബർ 09, ഉച്ചയ്ക്ക് 02 മണിക്ക് കാര്യവട്ടത്തുള്ള ഒപ്ടോഇലക്ട്രോണിക്സ് പഠന വകുപ്പിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2308167 എന്ന നമ്പറിൽ ബന്ധപ്പെടുക.

തിരുവനന്തപുരം
08.12.2020

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com

website: www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**